LIBRARY ARCHIVES Kerala Legislative Assembly

ഹോംഡ്—ഓഫ്—യൂണിറ്റ്സ്

* 922. [12] † ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് ഉടമയിൽ എത്ര 'ഹോംഡ്—ഓഫ്—യൂണിറ്റ്സ്', സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) നെടുമങ്ങാട് താലൂക്കിൽ മന്നൂക്കോണം എന്ന സ്ഥലത്ത് അത്തരം ഒരു യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തിയിരുന്നോ;

(സി) എന്നാണ് അതു സ്ഥാപിച്ചത്; എത്ര കാലം നടത്തി;

(ഡി) മേൽപ്പറഞ്ഞ യൂണിറ്റ് സ്ഥാപിക്കുന്നതിനു എത്ര രൂപ മുടക്കിയിട്ടുണ്ട്; നടത്തിയകാലത്ത് നഷ്ടം വല്ലതും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഈ) ഇപ്പോൾ ആ യൂണിറ്റ് ആരു നടത്തുന്നു; എത്ര കാലമായി; നഷ്ടത്തിലോ, ലാഭത്തിലോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇപ്പോൾ ഒന്നുമില്ല.

(ബി) നടത്തിയിരുന്നു.

(സി) 21—10—1957—ൽ സ്ഥാപിച്ചു. 31—12—62 വരെ നാലു കൊല്ലവും മൂന്നുമാസവും) ഗവണ്മെൻറുടമയിൽ നടത്തി.

(ഡി) യന്ത്ര സാമഗ്രികൾക്കായി 3,644 രൂപയും സ്ഥലത്തിനും കെട്ടിടത്തിനുമായി 7,515 രൂപയും മുടക്കിയിട്ടുണ്ട്. 14,733 രൂപ 77 നയാപൈസയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഈ) 1—1—1963 മുതൽ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് കാർപ്പറേഷനാണ് നടത്തുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന ലാഭം ഒരു ലക്ഷം രൂപയോളം വരുമെന്നു എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു.

യന്ത്രീകൃത ബോട്ടുകൾ

* 923. [13] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിക്കാലത്ത് എത്ര യന്ത്രീകൃത ബോട്ടുകൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണം സഹകരണസംഘങ്ങൾക്കും, എത്ര വ്യക്തികൾക്കുമായിട്ട് കൊടുത്തു?

(സി) ടെയിനിംഗ് കഴിച്ചിട്ടില്ലാത്ത വ്യക്തികൾക്കു ബോട്ട് കൊടുത്തിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഡിപ്പാർട്ടുമെൻറിൽനിന്നും ഇൻഡോ നോർവീജിയൻ പ്രോജക്റ്റിൽനിന്നുംകൂടി 186 ബോട്ടുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 30 എണ്ണം സഹകരണസംഘങ്ങൾക്കും, 156 എണ്ണം ടെയിനീസും അൺടെയനീസും അടങ്ങിയ ഗ്രൂപ്പുകൾക്കുമാണ് കൊടുക്കുന്നത്.

(സി) ടെയിനിംഗ് ഇല്ലാത്ത വ്യക്തികൾക്ക് മാത്രമായി ബോട്ട് കൊടുത്തിട്ടില്ല.

† Put by Shri. N. S. Krishna Pillai

ശ്രീ. കെ. സി. ഏബ്രഹാം: മൂന്നാം പദ്ധതിക്കാലത്തു് വിതരണം ചെയ്യാൻ സാധിക്കുമെന്നു ഉദ്ദേശിച്ചിട്ടുള്ള 750 ബോട്ടുകളും വിതരണം ചെയ്യാൻ സാധിക്കുമെന്നു ഗവണ്മെൻറു് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇന്നത്തെ സ്ഥിതിക്കനുസരിച്ചുകൊണ്ടു് 750 ബോട്ടുകളും മൂന്നാം പദ്ധതിക്കാലത്തു് വിതരണം ചെയ്യാൻ സാധിക്കുമെന്നു ഗവണ്മെൻറിനു വിശ്വാസമില്ല. എന്നിരുന്നാൽ തന്നെയും കൊച്ചിയിൽ ബോട്ടു് ഡീസൽ എൻജിൻ ഫാക്ടറി ആരംഭിക്കുമെങ്കിൽ ഇതു കൊടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കാൻ കഴിയും.

ശ്രീ. ടി. കൃഷ്ണൻ: ഇന്നു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നതു് ചില പ്രത്യേക സമുദായക്കാരാണു്. ഇപ്പോഴും യന്ത്രവൽക്കൃതബോട്ടുകളിൽ മത്സ്യം പിടിക്കുന്നതിനു് ടെയിനിംഗിനു് ആളുകളെ തിരഞ്ഞെടുക്കുമ്പോഴും മത്സ്യബന്ധന സമുദായക്കാരല്ലാത്തവർക്കുകൂടി പരിഗണന കൊടുത്തു് അവരെ കൂടി ടെയിനിംഗിനു് എടുക്കുന്നതിനും സഹകരണസംഘങ്ങളിൽ അംഗങ്ങളാക്കുന്നതിനുമുള്ള ഒരു തീരുമാനം ഗവണ്മെൻറു് കൈക്കൊള്ളുമോ?

ശ്രീ. കെ. കുഞ്ഞമ്പു: മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് സഹകരണസംഘങ്ങളിൽ അംഗമാകാമെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. പ്രത്യേകിച്ചും 10 ശതമാനം മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളിൽ മറ്റുള്ളവർക്കു മെമ്പറാകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: 750 ബോട്ടുകൾ കൊടുക്കാനാണു് ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടുള്ളതു്. പക്ഷേ അതിനു സാധിക്കുന്നില്ല. സഹകാര്യവ്യക്തികൾക്കു് ഈ 500 ബോട്ടുള്ളതു് എവിടെ നിന്നു കിട്ടിയതാണു്?

ശ്രീ. കെ. കുഞ്ഞമ്പു: ഗവണ്മെൻറിൽനിന്നു യാതൊരു സഹായവും സഹകാര്യ വ്യക്തികൾക്കു ചെയ്തുകൊടുത്തിട്ടില്ല. വിദേശരാജ്യങ്ങളിലേക്കു് മത്സ്യം കയറ്റി അയയ്ക്കുന്നതിൽ വിലയുടെ 15 ശതമാനം സംഘടന സഹകാര്യ വ്യക്തികൾക്കു് എൻജിൻ ആയി വിദേശരാജ്യങ്ങളിൽ നിന്നു് നേരിട്ടു് നൽകുകയാണു്. ഗവണ്മെൻറു് അതിൽ യാതൊരു സഹായവും ചെയ്യുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: മത്സ്യത്തൊഴിലാളികളിൽ ടെയിനിംഗ് കഴിഞ്ഞിട്ടില്ലാത്ത വ്യക്തികൾക്കു മാത്രമായി ബോട്ടു് കൊടുത്തിട്ടില്ലെന്നു പറഞ്ഞു. എന്താണു് ഈ 'മാത്രമായി' എന്നു പറഞ്ഞതിൻറെ അർത്ഥം?

ശ്രീ. കെ. കുഞ്ഞമ്പു: മത്സ്യത്തൊഴിലാളികൾക്കു് ബോട്ടു് കൊടുക്കുന്നതു തന്നെ ടെയിനിംഗു് കഴിച്ചവരേയും ടെയിനിംഗു് കഴിക്കാത്തവരേയും ചേർത്തുകൊണ്ടു് ഗ്രൂപ്പു അടിസ്ഥാനത്തിലാണു്. 30 അടി നീളമുള്ള ബോട്ടു നാലു് ടെയിനീസിനേയും നാലു അൺ ടെയിനീസിനേയും ചേർത്തുകൊണ്ടും, 32 അടി നീളമുള്ള ബോട്ടു് അഞ്ചു് ടെയിനീസിനേയും അഞ്ചു് അൺടെയിനീസിനേയും ചേർത്തുകൊണ്ടും ഇങ്ങനെ ഗ്രൂപ്പു് അടിസ്ഥാനത്തിലാണു് കൊടുക്കുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സഹകരണസംഘങ്ങൾ വഴിയല്ലാതെ ബോട്ടു് കൊടുക്കുകയില്ല എന്നുള്ള നിലപാടു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടോ? സഹകരണസംഘങ്ങളെ പ്രോൽസാഹിപ്പിക്കണമെന്ന നിർബന്ധമുള്ളതുകൊണ്ടു് സഹകരണസംഘങ്ങൾവഴി തന്നെ ബോട്ടു് വിതരണം ചെയ്യുന്നതിനു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: കഴിവുള്ളിടത്തോളം സഹകരണസംഘങ്ങൾവഴി തന്നെ ബോട്ടു് വിതരണം ചെയ്യണമെന്നുള്ളതാണു് ഗവണ്മെൻറിൻറെ ആഗ്രഹം. പക്ഷേ എല്ലാ സ്ഥലങ്ങളിടേയും കാര്യത്തിൽ സംസ്ഥാന വ്യാപകമായി ഇന്നു സഹകരണസംഘങ്ങൾ ഉണ്ടാകാത്തതുകൊണ്ടാണു് സഹകരണസംഘങ്ങൾക്കു് കൂടുതൽ ബോട്ടുകൾ കൊടുക്കാൻ സാധിക്കാതെ വന്നിട്ടുള്ളതു്. എന്നിരുന്നാൽ തന്നെയും സഹകരണസംഘങ്ങൾക്കും ബോട്ടുകൾ നൽകാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ: ഈ ട്രെയിനിംഗിനു് എടുത്തതു് തന്നെ ഒരു വില്ലേജിൽ 20 പേരെയാണു്. അവരെ ഗ്രൂപ്പായി സംഘടിപ്പിക്കുമ്പോൾ രാഷ്ട്രീയ പരിഗണന കാണിക്കുന്ന എന്നു വല്ല പരാതിയും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ? അതേപ്പറ്റി അന്വേഷിച്ചു് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ യാതൊരു രാഷ്ട്രീയപരിഗണനയും ഉണ്ടായിട്ടില്ലെന്നുള്ള കാര്യം വ്യക്തമായി പറയുവാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ തന്നെ സെലക്ഷൻ കമ്മറ്റി അംഗമാണല്ലൊ.

ശ്രീ. എൻ. ഈ. ബലറാം: കോവാപ്പറേറ്റീവു് മേഖലയിൽതന്നെ ഈ ബോട്ടുവിതരണം നടത്തണമെന്നുള്ള കാര്യം ഇൻഡ്യാഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുകയും, സ്വകാര്യവ്യക്തികൾക്കു് ലൈസൻസു് കൊടുക്കാതിരിക്കുകയും ചെയ്യുന്നതിനു് ഈ ഗവണ്മെൻറു് ഇൻഡ്യാഗവണ്മെൻറിനോടു് നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: സ്വകാര്യ വ്യക്തികൾക്കു് ലൈസൻസു് കൊടുക്കുന്നില്ല. അവർ വിദേശരാജ്യങ്ങളിലേക്കു് ഇവിടെയുള്ള മത്സ്യം അയക്കുന്നുണ്ടു്. അതിനവർക്കു് ലൈസൻസു് കൊടുക്കുന്നുണ്ടു്. അതു തടയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ബോട്ടുകൾ കിട്ടുന്നതിനുവേണ്ടി ഒരു സഹകരണസംഘത്തിൻറെ സ്വഭാവമുണ്ടാകുകയും അങ്ങനെ ഗ്രൂപ്പു തിരിക്കുന്ന അവസരത്തിൽ പ്രത്യേകമായ താല്പര്യങ്ങളെ ബാധിക്കുകയും ചെയ്യുന്നതിൻറെ ഫലമായി ബോട്ടു് കിട്ടിക്കഴിഞ്ഞാൽ യഥാർത്ഥത്തിൽ സഹകരണാടിസ്ഥാനത്തിൽ നടക്കുന്നില്ലെന്നുള്ള വല്ല ആക്ഷേപവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ ആക്ഷേപമൊന്നും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

മൂന്നാംപദ്ധതി.

* 924. [14] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിയിൽ അടുത്ത സാമ്പത്തികവർഷത്തിലേക്കു് സംസ്ഥാനത്തിനു് മൊത്തം എത്ര രൂപയാണു് അലോട്ടു ചെയ്തിട്ടുള്ളതു്;

(ബി) ഓരോ ഇനത്തിലും എത്ര രൂപവീതമാണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) മൂന്നാംപദ്ധതിയുടെ നാലാംവർഷത്തേക്കു് മൊത്തം 50.14 കോടി രൂപയാണു് 1964–65–ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതു്. സംസ്ഥാനങ്ങൾക്കു് നൽകിയിട്ടുള്ള ''തേഡ് ഫൈവു് ഈയർപ്ലാൻ 1961–66 ഫോർത്തു് ഈയേഴ്സ് പ്രോഗ്രാം 1964–65'' എന്ന ബുക്കിൽ വിശദവിവരങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള: അടുത്ത സാമ്പത്തിക വർഷത്തിലേക്കു് പ്ലാൻ സൈറ്റിലേയിൽ മേജർ ഇറിഗേഷൻ എന്ന ഇനത്തിൽ നമുക്കു അലോട്ടു് ചെയ്തിട്ടുള്ള തുക വളരെ തുച്ഛമായതുകൊണ്ടു് ഇവിടെ തുടങ്ങിവച്ചിട്ടുള്ളതായ പണികൾ നിറുത്തി വയ്ക്കേണ്ടതായി വരുമെന്നുള്ളതുകൊണ്ടു് കല്ലട തുടങ്ങിയുള്ള വൻകിട ജലസേചനപദ്ധതികൾക്കു് കൂടുതൽ തുക അടുത്ത സാമ്പത്തിക വർഷത്തിൽ കിട്ടത്തക്ക രീതിയിൽ ആവശ്യമായ നടപടികൾ ഈ ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: വൻകിട ജലസേചന പദ്ധതികളിൽ കല്ലടപദ്ധതി ആരംഭിക്കുവാൻ സാധിക്കുമോ എന്നു മനഃപൂർവ്വം ഗവണ്മെൻറു് ശ്രമിച്ചുനോക്കും.

LIBRARY ARCHIVES Kerala Legislative Assembly